I ഇ.ബി. XIV - കേരള നിയമസഭ/XV-8

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂൺ 14, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I ശ്രദ്ധ ക്ഷണിക്കൽ**

(1) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് നടപടി

ശ്രീ. എം. നൗഷാദ്: പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കിയിട്ടും തുറന്നു പ്രവർത്തിക്കാൻ തയ്യാറാകാത്ത സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും വ്യവസായികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും അനുകൂല സാഹചര്യങ്ങളുണ്ടായിട്ടും തുറന്ന്

പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 432-ലധികം സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കടക്കെണിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയും വ്യവസായ പുനരുദ്ധാരണ പ്രൊപ്പോസൽ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി 175 വ്യവസായങ്ങൾക്ക് അധിക വായ്പ നൽകിയും നിലവിലുള്ള വായ്പ പുനഃക്രമീകരിച്ചും തുറന്നുപ്രവർത്തിപ്പിക്കാൻ സാധിക്കുന്നവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വ്യവസായത്തിന് നൽകുന്ന വായ്പയുടെ പലിശ 9 ശതമാനമായി ഏകീകരിക്കുന്നതിനും ബാങ്കുകൾ നൽകുന്ന അധിക വായ്പയുടെ പലിശ സർക്കാർ നൽകുന്നതിനും പിഴപ്പലിശ ഒഴിവാക്കുന്നതിനും വ്യവസായികൾ സർക്കാരിന് നൽകാനുള്ള നികുതി കുടിശ്ശിക ഒഴിവാക്കുന്നതുമുൾപ്പെടെ ബാങ്കുകൾക്കും വ്യവസായികൾക്കും അനുകൂലമായ തീരുമാനങ്ങൾ എടുത്തതിനെത്തുടർന്ന് 26-02-2019-ൽ 30

വ്യവസായങ്ങൾക്ക് ബാങ്കുകൾ വായ്പാനുമതി പത്രങ്ങൾ നൽകിയിട്ടുണ്ട്. വ്യവസായങ്ങളുടെ ധനകാര്യ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന കാര്യങ്ങൾ അവലോകനം ചെയ്യുന്നതിനായി ഇന്ന് (14-06-2019) യോഗം വിളിച്ചിട്ടുണ്ട്. ബാങ്കുകൾ നൽകുന്ന പ്രവർത്തനമൂലധനം വകമാറ്റി ചെലവഴിക്കൽ, വിപണി നേരിടുന്ന അനിശ്ചിതാവസ്ഥ, തോട്ടണ്ടിയുടെ അമിത വിലക്കയറ്റം, വൈദഗ്ദ്ധ്യമില്ലാത്ത മാനേജ്മെന്റ്, സാമ്പത്തിക അച്ചടക്കമില്ലായ്മ തുടങ്ങി സ്വകാര്യ കശുവണ്ടി വ്യവസായമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഗവൺമെന്റ് സജീവമായ ഇടപെടൽ നടത്തുന്നുണ്ട്. അനുകൂല സാഹചര്യമുണ്ടായിട്ടും ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാത്ത സ്വകാര്യ വ്യവസായികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതോടൊപ്പം തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ആവശ്യമെങ്കിൽ ഫാക്ടറികൾ ഏറ്റെടുക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

## (2) <u>അപ്പലേറ്റ് അതോറിറ്റി രൂപീകരണം</u>

<u>ശ്രീ. പി. ടി. തോമസ്</u>: സംസ്ഥാനത്ത് നടക്കുന്ന അശാസ്ത്രീയ കെട്ടിട

നിർമ്മാണ പ്രവർത്തനങ്ങൾമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കുകയും വ്യക്തമായ പാർപ്പിട നയമുണ്ടാക്കുകയും വേണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സംസ്ഥാനത്ത് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ചട്ടങ്ങളും പരാതികൾ അന്വേഷിക്കുന്നതിന് വിജിലൻസ് വിംഗും നിലവിലുണ്ട്. ചട്ടപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അനുമതി നൽകേണ്ടതും അവ പരിശോധിക്കേണ്ടതും തദ്ദേശഭരണ സ്ഥാപനങ്ങളാണ്. കെട്ടിട അനുമതി സംബന്ധിച്ച് ലഭിച്ച അപേക്ഷകൾ, അനുമതി നൽകിയവ, നിരസിച്ചവ തുടങ്ങിയ എല്ലാ വിവരങ്ങളും ലഭ്യമാക്കണമെന്ന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃത്യമായ മോണിറ്ററിംഗും അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതും അനധികൃത നിർമ്മാണം തടയാൻ സഹായിക്കുന്നുണ്ട്. നിലവിലുള്ള നിർമ്മാണങ്ങളിൽ ചട്ടലംഘനം നടത്തുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുകയും ഭാവിയിൽ ചട്ടലംഘനമുണ്ടാകാതിരിക്കാൻ ഓൺലൈൻ ഓട്ടോമാറ്റഡ് ബിൽഡിംഗ് പ്ലാൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) റൂൾസ് പ്രകാരം റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയും അപ്പലേറ്റ് അതോറിറ്റിയും രൂപീകരിക്കുന്നതുവഴി കെട്ടിട നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നതാണ്.

## II സബ്മിഷൻ

### (1) കാർട്ടൂൺ പുരസ്കാരം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മതവികാരത്തെ വ്രണപ്പെടുത്തുന്ന തരത്തിലുള്ള കാർട്ടൂണിന് ലളിതകലാ അക്കാദമി കാർട്ടൂൺ പുരസ്കാരം നൽകിയ നടപടി പുനഃപരിശോധിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരള ലളിതകലാ അക്കാദമിയുടെ ഈ വർഷത്തെ കാർട്ടൂൺ പുരസ്കാരം ലഭിച്ച ശ്രീ. കെ. കെ. സുഭാഷിന്റെ 'വിശ്വാസം രക്ഷതി' എന്ന കാർട്ടൂണിനെക്കുറിച്ച് മതപ്രതീകങ്ങളെ അവഹേളിക്കുന്നതാണെന്ന വിമർശനമുണ്ടായ സാഹചര്യത്തിൽ സർക്കാർ പരിശോധിക്കുകയും ക്രിസ്തീയമതാചാര പ്രകാരമുള്ള മതചിഹ്നങ്ങളെ അധിക്ഷേപകരമായി ചിത്രീകരിക്കുന്ന ചില

ഭാഗങ്ങൾ ഉൾപ്പെടുത്തിയത് ഗൗരവത്തിലെടുക്കുകയും ലളിതകലാ അക്കാദമിയോട് ഈ വർഷത്തെ കാർട്ടൂൺ പുരസ്കാരങ്ങൾ പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(2) ചട്ടങ്ങൾ

ശ്രീ. പി. ടി. എ. റഹീം: ശരീഅത്ത് ആപ്ലിക്കേഷൻ ആക്ടിന് കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളിലെ അവ്യക്തത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): Muslim Personal Law (Shariat) Application Act, 1937-ലെ മൂന്നാം വകുപ്പ് പ്രകാരം ഡിക്ലറേഷൻ നൽകുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുകയോ അധികാരികളെ നിശ്ചയിക്കുകയോ ഡിക്ലറേഷൻ നൽകുന്നതിനുള്ള ഫോറം പ്രസിദ്ധീകരിക്കുകയോ ചെയ്യാത്തതിനാൽ അടിയന്തരമായി ചട്ടം രൂപീകരിക്കണമെന്ന കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 21-12-2018-ന് ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുകയുണ്ടായി. പ്രസ്തുത ചട്ടം വിജ്ഞാപനം ചെയ്തശേഷം എല്ലാ മുസ്ലീങ്ങളും ഡിക്ലറേഷൻ ഫയൽ

ചെയ്യേണ്ടിവരുമെന്ന തെറ്റായ പ്രചരണമുണ്ടായതിനാൽ സർക്കാർ 29-01-2019-ന് വിശദീകരണക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടം ഭേദഗതി ചെയ്തുകൊണ്ട് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി 14-05-2019-ന് സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി നടത്തിയ സൂക്ഷ്മപരിശോധനയുടെ മിനിട്ട്സ് ലഭിക്കുന്നമുറയ്ക്ക് ശിപാർശ സർക്കാർ പരിഗണിക്കുന്നതാണ്.

(3) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. എ. എൻ. ഷംസീർ: ഒളവിലം വലിയ പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ചൊക്ലി ഗ്രാമപഞ്ചായത്തിൽപ്പെട്ട ഒളവിലം വലിയ പാത്തിക്കൽ നിർമ്മാണം നടത്താനുദ്ദേശിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് അവിടെത്തന്നെ സ്ഥാപിക്കാവുന്നതാണെന്ന് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഡിസൈനിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി തേടി തുടർനടപടി

സ്വീകരിക്കുന്നതാണ്.

(4) ഓപ്പറേറ്റിംഗ് സെന്റർ

ശ്രീ. ചിറ്റയം ഗോപകുമാർ: പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ സി.എൻ.ജി. പമ്പ് സ്ഥാപിക്കാനിരുന്ന സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയതിനാലാണ് ടി പ്രവൃത്തിക്ക് കാലതാമസമുണ്ടായത്. പുതിയതായി കണ്ടെത്തിയ സ്ഥലത്ത് ആസ്തി വികസന ഫണ്ടുപയോഗിച്ച് പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## III അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ
പതിനാറാമത് റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ

പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2019-ലെ കേരള യൂണിവേഴ്സിറ്റി (ഭേദഗതി) ബിൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: 2019-ലെ കേരള യൂണിവേഴ്സിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഇത്തരമൊരു ബിൽ അവതരിപ്പിക്കേണ്ട ആവശ്യമില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: 1937-ലെ തിരുവിതാംകൂർ ആക്ടും 1957-ലെ കേരള സർവ്വകലാശാല ആക്ടുംപ്രകാരം രൂപപ്പെടുത്തിയ 1974-ലെ കേരള സർവ്വകലാശാല ആക്ടനുസരിച്ചാണ് സർവ്വകലാശാല ഭരണനിർവ്വഹണം നടത്തിയിരുന്നത്. നിലവിലുള്ള 1974-ലെ കേരള യൂണിവേഴ്സിറ്റി ആക്ടിൽ ഭേദഗതി വരുത്തണമെന്നാണ് നിർദ്ദേശിക്കാനുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം പ്രഗത്ഭരുടെ സേവനവും ഉറപ്പാക്കണം. ഉന്നത തസ്തികയിലിരിക്കുന്നവരെ കെ.എസ്.ആർ.ന്

വിരുദ്ധമായി കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് സർവ്വീസിൽനിന്നും പിരിച്ചുവിടുന്നത് അഭിലഷണീയമല്ല. സർവ്വകലാശാലകൾ പരീക്ഷ നടത്തിപ്പിനുള്ള കേന്ദ്രങ്ങളാകാതെ ലോകോത്തര ഗവേഷണ നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളാണുണ്ടാകേണ്ടത്. ക്വാളിറ്റി കൗൺസിൽ നിയമത്തിൽ വ്യവസ്ഥ ചെയ്യുകയും സ്റ്റാറ്റ്യൂട്ടിൽ വിശദാംശങ്ങൾ നിർവ്വചിക്കുകയും ടെക്നിക്കൽ/എഞ്ചിനീയറിംഗ് മേഖലകളിലല്ലാതെ മറ്റ് സർവ്വകലാശാലാ കേന്ദ്രങ്ങളിലും സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യണം. എന്റർപ്രണർഷിപ് കൗൺസിൽ വ്യവസ്ഥ ചെയ്യാനും വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി ഇന്റർനാഷണൽ അഫയേഴ്സ് കൗൺസിൽ രൂപീകരിക്കാനും സർവ്വകലാശാലകളിലെ അക്കാദമിക് കലണ്ടർ ഏകീകരിക്കാനും നടപടിയുണ്ടാകണം. സിൻഡിക്കേറ്റ് പുന:ക്രമീകരിക്കുമ്പോൾ യൂണിവേഴ്സിറ്റികളിലുള്ള യോഗ്യരായ ആളുകളെക്കൂടി ഉൾപ്പെടുത്തണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): യൂണിവേഴ്സിറ്റികളിലെ വൈസ് ചാൻസലർമാർക്കും പ്രൊ-വൈസ് ചാൻസലർമാർക്കുമുള്ളതുപോലെ 4

വർഷത്തെ കാലാവധി യൂണിവേഴ്സിറ്റി രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവർക്കും നിശ്ചയിച്ചിരിക്കുകയാണ്.

(ചർച്ച തുടരും)

## (ii) 2019-ലെ കേരള സംസ്ഥാന അടിയന്തര വൈദ്യസഹായ അതോറിറ്റി ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: 2019-ലെ കേരള സംസ്ഥാന അടിയന്തര വൈദ്യസഹായ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് ജനറൽ/ജില്ല/താലൂക്കാശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതിനാലും സഞ്ചിതനിധിയിൽനിന്ന് 5 കോടി രൂപ ധനകാര്യ മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്നതിനാലും

ബിൽ സഭയിൽ അവതരിപ്പിക്കുന്നതിന് ഗവർണ്ണറുടെ ശിപാർശ ആവശ്യമായതിനാലും ബിൽ പരിഗണിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> അപകടങ്ങളിലും അത്യാഹിതങ്ങളിലുംപെടുന്നവരുടെ ജീവൻ രക്ഷിക്കാനുള്ള അടിയന്തര വൈദ്യസഹായം നൽകുന്നതിന് കേരള സംസ്ഥാന അടിയന്തര വൈദ്യസഹായ അതോറിറ്റി രൂപീകരണം അനിവാര്യമാണ്. രോഗബാധിതർക്ക് കൃത്യസമയത്ത് ജീവൻരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കാൻ സാധിക്കാത്തത് മരണ നിരക്ക് വർദ്ധിക്കാനിടയാക്കുന്നുണ്ട്. ഗവൺമെന്റിന്റെ വിവിധ വൈദ്യസഹായ പദ്ധതികൾകൂടി നിർദ്ദിഷ്ട അതോറിറ്റിയുടെ പരിധിയിൽ കൊണ്ടുവരണം. ദേശീയപാതയോരത്തെ സ്വകാര്യ ആശുപത്രികളിലുൾപ്പെടെ എല്ലാ ആശുപത്രികളിലും വെന്റിലേറ്റർ സൗകര്യവും ട്രോമാകെയർ സംവിധാനവും ശക്തിപ്പെടുത്തേണ്ടതാണ്. അപകടത്തിൽപ്പെടുന്നവർക്ക് വേഗത്തിൽ ചികിത്സ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. മറ്റ് സംസ്ഥാനങ്ങളിലെ അടിയന്തര വൈദ്യസഹായ നിയമങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തും

ഒരു അടിയന്തര വൈദ്യസഹായ അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

(iii) <u>2019-ലെ കേരള പാർക്കിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരണ ബിൽ</u>

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: 2019-ലെ കേരള പാർക്കിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലും പാർക്കിംഗുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ നിയമങ്ങൾ നിലവിലുള്ളതിനാൽ പ്രസ്തുത ബിൽ പരിഗണിക്കേണ്ടതില്ല.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സംസ്ഥാനത്ത് സുവ്യക്തമായൊരു പാർക്കിംഗ് നയം നിലവിലില്ല. റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും അശാസ്ത്രീയ-അനധികൃത വാഹന പാർക്കിംഗ് നിയന്ത്രിക്കുന്നതിന് യാതൊരു സംവിധാനവുമില്ല. മതിയായ പാർക്കിംഗ് സൗകര്യമില്ലാത്തതിനാൽ

റോഡപകടങ്ങളും മരണങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രീയമായ രീതിയിൽ വാഹന പാർക്കിംഗിന് സർക്കാർ സൗകര്യമൊരുക്കേണ്ടതാണ്. ട്രാഫിക് നിയമങ്ങൾ അനുസരിക്കുന്നത് സംസ്കാരമാക്കി മാറ്റുന്നതിനും പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. വാഹനപ്പെരുപ്പം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഒരു പുതിയ നയം രൂപീകരിക്കുന്നതിനുള്ള ശ്രമമുണ്ടാകണം.

(ചർച്ച തുടരും)

## (iv) 2019-ലെ കേരള കാർഷികോത്സവ, കാളയോട്ട, കാള വയൽ (സംരക്ഷിക്കലും നടത്തിപ്പും) ബിൽ

ശ്രീ. അനൂപ് ജേക്കബ്: 2019-ലെ കേരള കാർഷികോത്സവ, കാളയോട്ട, കാള വയൽ (സംരക്ഷിക്കലും നടത്തിപ്പും) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ഈ ബില്ലിനോട് അനുകൂല സമീപനമാണ് സർക്കാരിനുള്ളത്. കാളപൂട്ട്, കന്നുപൂട്ട്, മരമടി

മത്സരങ്ങൾ നിയമാനുസൃതമാണെങ്കിൽ, അനുവാദത്തിനായി അധികാരികളെ സമീപിക്കാമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും കാർഷിക സംസ്കാരത്തിന്റെ ഭാഗമായ ഇത്തരം മത്സരങ്ങൾ മൃഗപീഡന ഗണത്തിൽപ്പെടുത്താൻ കഴിയുന്നവയല്ലെന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ഈ വിഷയത്തിൽ ഔദ്യോഗിക ബിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. അനൂപ് ജേക്കബ്: കാർഷിക സംസ്കാരത്തെ നിലനിർത്തുകയെന്ന ലക്ഷ്യമാണ് ഈ ബില്ലിന് പിന്നിലുള്ളത്. മൃഗപീഡന നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി ഇത്തരം മത്സരങ്ങൾ നടത്തുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാർ ഉചിതമായി പ്രവർത്തിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം. പ്രാകൃതമായ രീതിയിൽ മൃഗങ്ങളെ കശാപ്പുചെയ്യുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണം. പ്രസ്തുത വിഷയം ഗൗരവമായെടുത്ത് അടിയന്തരമായി

ബിൽ കൊണ്ടുവരണം.

(ചർച്ച തുടരും)

## (v) 2019-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. വി. പി. സജീന്ദ്രൻ: 2019-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2006-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ വകുപ്പ് 2(ഡി) പ്രകാരമുള്ള നിർവ്വചനങ്ങളിൽ ശബ്ദവും വെളിച്ചവും അലങ്കാരവും ലഭ്യമാക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലുടമകളും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളെ ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കൽ, വെളിച്ച സംവിധാനമൊരുക്കൽ, പന്തൽ-കമാനങ്ങൾ ഒരുക്കൽ തുടങ്ങിയ മേഖലകളിൽ

പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. നിലവിലുള്ള ബോർഡിൽ നിന്നുതന്നെ ആവശ്യമായ സംരക്ഷണവും സാമ്പത്തികാനുകൂല്യങ്ങളും ലഭിക്കുന്ന സാഹചര്യത്തിൽ പ്രത്യേകമായൊരു ക്ഷേമനിധി രൂപീകരിക്കേണ്ട ആവശ്യമില്ല. ബില്ലിന് അവതരണാനുമതി നൽകേണ്ട സാഹചര്യം നിലവിലില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സംസ്ഥാനത്ത് ഉച്ചഭാഷിണി വെളിച്ച സംവിധാന മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ വേതനവും തൊഴിൽ സുരക്ഷയും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്താൻ വ്യവസ്ഥ ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഒരുലക്ഷത്തിലധികംപേർ ഈ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളെക്കൂടി ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാനും സമഗ്രമായൊരു നിയമനിർമ്മാണം നടത്താനും തയ്യാറാകണം.

(ചർച്ച തുടരും)

## (3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച

### (i) 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. ആർ. രാജേഷ്: ചർച്ച തുടരുന്നില്ല.

(ബിൽ സഭയുടെ അനുമതിയോടെ പിൻവലിച്ചു.)

### (ii) 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ

ശ്രീമതി യു. പ്രതിഭ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നടക്കുന്ന നിയമനങ്ങളിൽ വിധവകൾക്കുള്ള പ്രാതിനിധ്യം കൃത്യമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലെ താൽക്കാലിക/ദിവസവേതന നിയമനങ്ങളിൽ വിധവകൾക്ക് നിശ്ചിത ശതമാനം നീക്കിവയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും അത് പാലിക്കുന്നുണ്ടെന്ന് പരിശോധിക്കുകയും വേണം. വിധവകൾക്കായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഇവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നിയമം നടപ്പാക്കണം.

(ചർച്ച തുടരും)

## (iii) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമരംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. കെ. രാജൻ: പ്രാദേശിക പത്ര-ദൃശ്യ മാധ്യമ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധിയോ പെൻഷനോ മറ്റാനുകൂല്യങ്ങളോ ലഭിക്കാത്ത സാഹചര്യത്തിൽ അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള ബില്ലിന് അനുമതി നൽകണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.